**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4801** — **02-07-2024 - ൽ മറുപടിയ്ക്ക്**

**പന്തപ്ര ആദിവാസി നഗറിന്റെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം-പന്തപ്ര ആദിവാസി നഗറിലെ പുനരധിവാസ നടപടികളുടെ നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | **പുനരധിവാസ നടപടികളുടെ ഒന്നാം ഘട്ടമായി പന്തപ്ര ആദിവാസി നഗറിൽ 67 കുടുംബങ്ങൾക്ക് 2 ഏക്കർ ഭൂമി വീതവും ആയതിന്റെ വനാവകാശരേഖയും അനുവദിച്ചിട്ടുണ്ട്. ആയതിൽ 10 കുടുംബങ്ങളുടെ ഭവനനിർമ്മാണം ലൈഫ് മിഷൻ മുഖേന നടപ്പാക്കി വരുന്നു. ശേഷിക്കുന്ന 57 കുടുംബങ്ങളുടെ ഭവനനിർമ്മാണം ഗോത്രജീവിക സംഘങ്ങൾ ഏറ്റെടുത്ത് നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. എല്ലാ വീടുകളിലേക്കും കുടിവെള്ളം, വൈദ്യുതി, റോഡ് നിർമ്മാണം, സോളാർ ഫെൻസിംഗ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.**<br><br>**കൂടാതെ വന്യമൃഗങ്ങളുടെ ആക്രമണം മൂലം വാരിയം, മാപ്പിളപ്പാറ, മീൻകുളം, ഉറിയംപെട്ടി നഗറിലെ 75 കുടുംബങ്ങളെ പന്തപ്ര ആദിവാസി നഗറിലേക്ക്, താൽകാലിക ഷെഡ്ഡ്, ടോയിലെറ്റ്, 10 പൊതുടാപ്പുകൾ എന്നിവ നൽകി പുനരധിവസിപ്പിച്ചിട്ടുമുണ്ട്.** |
| (ബി) | സാങ്കേതിക തടസ്സങ്ങൾ നീക്കി പുനരധിവാസ പദ്ധതി പൂർണ്ണമായി യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | **കോളനിക്കുള്ളിലെ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനും തേക്ക് മരങ്ങൾ മുറിച്ചുമാറ്റി ഭൂമി കൃഷിയോഗ്യമാക്കുന്നതിനും വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഒന്നാംഘട്ട പുനരധിവാസ പദ്ധതി പൂർത്തിയാകുകയുള്ളൂ.**<br><br>**പുതുതായി കുടിൽ നിർമ്മിച്ച് താമസം ആരംഭിച്ച 75 കുടുംബങ്ങളെ അവരുടെ കൈവശമുള്ള ഭൂമി വനം വകുപ്പിന് തിരികെ നൽകി പകരം പന്തപ്രയിൽ ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ